പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 353 — 06.03.2012-ൽ മറുപടിയ്ക്ക്

## വൈദ്യുതി ക്ഷാമം പരിഹരിക്കാൻ നടപടി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി രൂക്ഷമാണെന്നത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തിൽ വൈദ്യുതിക്ഷാമം അനുഭവപ്പെടുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ വൈദ്യുതി കമ്മി പരിഹരിക്കാൻ കേന്ദ്രവിഹിതമായി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കേണ്ടത് ; | (ബി) & (സി) | സംസ്ഥാനത്തെ ശരാശരി പ്രതിദിന ഉപഭോഗം വൈകുന്നേരങ്ങളിലെ പീക് സമയത്തിൽ 3,300 മെഗാവാട്ട് ആണ്. ഇതിൽ സംസ്ഥാനത്തിൻെറ ആഭ്യന്തരനിലയങ്ങളിൽ നിന്നും ശരാശരി 1,740 മെഗാവാട്ടും കായംകുളത്ത് നിന്നും 150 മെഗാവാട്ടും, കേന്ദ്രവിഹിതമായി 1,070 മെഗാവാട്ടും അങ്ങനെ ആകെ 2,960 മെഗാവാട്ട് ലഭിക്കുന്നുണ്ട്. ശരാശരി 340 മെഗാവാട്ടിൻെറ കമ്മിയാണ് ഇപ്പോൾ അനുഭവപ്പെടുന്നത്. സാധ്യമായ ദിവസങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും മറ്റ് ട്രേഡേഴ്സിൽ നിന്നും വാങ്ങിയാണ് കമ്മി പരിഹരിക്കുന്നത്.<br>അർഹമായ കേന്ദ്രവിഹിതം ഇപ്പോൾ വർദ്ധിച്ച തോതിൽ ലഭിക്കുന്നുണ്ട്. എങ്കിലും ശരാശരി 340 മെഗാവാട്ട് കമ്മി അനുഭവപ്പെടുന്നുണ്ട്. |
| (സി) | കേന്ദ്രത്തിൽ നിന്ന് ഇപ്പോൾ എത്ര മെഗാവാട്ട് വൈദ്യുതി വിഹിതമാണ് ലഭിക്കുന്നത് ; | | |
| (ഡി) | പരീക്ഷാ കാലത്ത് വൈദ്യുതി നിയന്ത്രണത്തിനുള്ള സാദ്ധ്യത ഒഴിവാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ഡി) | സംസ്ഥാനത്തിൻെറ ആഭ്യന്തര ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കാനും, കായംകുളം താപനിലയം ആവശ്യാനുസരണം പ്രവർത്തിപ്പിക്കാനും, പവർ എക്സ്ചേഞ്ചിൽ നിന്നും മറ്റ് ട്രേഡർമാരിൽ നിന്നും ലഭ്യമായ സമയങ്ങളിലെല്ലാം വൈദ്യുതി വാങ്ങാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.